II ഇ.ബി. XV-കേരള നിയമസഭ/II-14

**പതിനഞ്ചാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ആഗസ്റ്റ് 10, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

39 (*391) <u>സർവ്വകലാശാലകളുടെയും കോളേജുകളുടെയും റാങ്കിംഗ്</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, 2020-ലെ NIRF (National Institutional Ranking Framework) റാങ്കിംഗ് പ്രകാരം കേരള സർവ്വകലാശാല 23-ഉം മഹാത്മാഗാന്ധി സർവ്വകലാശാല 30-ഉം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 62-ഉം സ്ഥാനങ്ങളിലാണുള്ളതെന്നും 20 കോളേജുകൾക്ക് NIRF റാങ്കിംഗ് കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക

സർവ്വകലാശാല എന്നിവയ്ക്ക് 'A' ഗ്രേഡും കണ്ണൂർ സർവ്വകലാശാലയ്ക്ക് 'B' ഗ്രേഡും നാക് അക്രഡിറ്റേഷൻ ലഭ്യമാകുകയും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, മലയാള സർവ്വകലാശാല എന്നിവയ്ക്ക് അത് ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതം, കിഫ്ബി, റൂസ തുടങ്ങിയ ഫണ്ടുകൾ വിനിയോഗിച്ച് സർവ്വകലാശാലകളുടെ പശ്ചാത്തല സൗകര്യവികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും യു.ജി.സി. മാനദണ്ഡപ്രകാരമാണ് കോളേജുകളിലെ അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി. വിദ്യാർത്ഥികളുടെ മാനസിക സംഘർഷ ലഘൂകരണത്തിന് ഗവൺമെന്റ് കോളേജുകളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എയ്ഡഡ് കോളേജുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനും എൻറോൾമെന്റ് റേഷ്യോ ഉയർത്താനും കരിക്കുലവും പാഠ്യപദ്ധതികളും പരിഷ്കരിക്കാനും ന്യൂ ജനറേഷൻ കോഴ്സുകൾ ആരംഭിക്കാനും കരിയർ ഗൈഡൻസ്, പ്ലേസ്മെന്റ് സെല്ലുകൾ ശക്തിപ്പെടുത്താനും സാധിച്ചിട്ടുണ്ട്. സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുന്നതിന് നിയമ പരിഷ്കാര കമ്മിറ്റിയും ഓൺലൈൻ പരീക്ഷകൾ ക്രമീകരിക്കുന്നതു സംബന്ധിച്ച് പഠനം നടത്താൻ പരീക്ഷാ പരിഷ്കരണ

കമ്മിറ്റിയും രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്വലൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും പ്ലസ് ടൂ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനകത്തുതന്നെ ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസ സൗകര്യമൊരുക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

40 (*392) <u>കേരഗ്രാമം പദ്ധതി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, 'കേരഗ്രാമം' പദ്ധതി നടത്തിപ്പിലൂടെ 54 ശതമാനത്തിലധിക ഉല്പാദനക്ഷമത കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും നാളിതുവരെ 251 കേരഗ്രാമങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് ബ്ലോക്ക്-ജില്ലാ-സംസ്ഥാനതലങ്ങളിൽ അവലോകനം നടത്തുന്നുണ്ടെന്നും ഓരോ കേരഗ്രാമത്തിലും നടപ്പിലാക്കുന്ന പരിപാടികൾ പരിശോധിക്കുന്നതിന് "ടെക്നിക്കൽ റിസോഴ്സ് ഗ്രൂപ്പ്" രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

പീലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം, കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവിടങ്ങളിൽനിന്നും വികസിപ്പിച്ച സങ്കരയിനം തെങ്ങുകളും കേരളത്തിന്റെ തനത് നാടൻ ഇനങ്ങളായ പശ്ചിമതീര നെടിയ ഇനം (WCT), കുള്ളൻ ഇനങ്ങളായ ചാവക്കാട് പച്ച/ഓറഞ്ച് തുടങ്ങിയവയും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. തെങ്ങുകൾക്ക് കീടരോഗബാധ കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുകയും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കണം നടത്തുന്നതിനായി വർക്ക്ഷോപ്പുകളും പരിശീലനപരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉല്പാദനത്തിനായി വടകര, ചാവക്കാട് വിത്തുവികസന യൂണിറ്റുകൾ, കണ്ണൂർ ജില്ലയിലെ ചാലോട് ടി X ഡി പോളിനേഷൻ യൂണിറ്റ്, മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്ത് തോട്ടം എന്നിവിടങ്ങളിൽ വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേരഗ്രാമം പദ്ധതിയുടെ ഭാഗമായി മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി വിഭാവന ചെയ്തിട്ടുണ്ടെന്നും ഓരോ കേരഗ്രാമത്തിലും തെങ്ങുകയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിന് പ്രത്യേക സഹായം നൽകുന്നതാണെന്നും തെങ്ങിൻ തൈകളുടെ

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും കർഷകരെ സംരക്ഷിക്കുന്നതിനുമായി നഴ്സറി ആക്ട് കൊണ്ടുവരുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

41 (*393) <u>സംസ്ഥാനത്തെ റെയിൽവേ വികസനം</u>

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, പാതയിരട്ടിപ്പിക്കൽ, ഓട്ടോമാറ്റിക്ക് സിഗ്നലിംഗ് സംവിധാനം ഏർപ്പെടുത്തൽ തുടങ്ങിയവയുടെ നടത്തിപ്പുചുമതല അതത് സോണൽ റെയിൽവേക്കാണ് നൽകിയിരിക്കുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് റെയിൽ മന്ത്രാലയവുമായി തുടർചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. യാത്രാ ദുരിതം പരിഹരിക്കാൻ കൂടുതൽ ദീർഘദൂര പാസഞ്ചർ ട്രെയിനുകൾ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഹരിപ്പാട്-അമ്പലപ്പുഴ സെക്ടറിൽ പാതയിരട്ടിപ്പിക്കൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും ചിങ്ങവനം-ചങ്ങനാശ്ശേരി സെക്ടറിൽ പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കാഞ്ഞങ്ങാട്-കാണിയൂർ പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റ് തർക്കങ്ങളില്ലാത്തതിനാൽ തുടർനടപടി സ്വീകരിക്കാനാകുമെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രിയും വ്യക്തമാക്കി.

42 (*394) <u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകൾ</u>

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഹയർ സെക്കണ്ടറി പരീക്ഷകളിൽ വിജയിച്ച വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഏകദേശം 16008-ഉം സർക്കാർ-എയ്ഡഡ് കോളേജുകളിൽ ഏകദേശം 69318-ഉം വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് അവസരമുണ്ടെന്നും ബിരുദ പഠനത്തിനുള്ള മാനദണ്ഡങ്ങളും സീറ്റ് മെട്രിക്സ്, വർഷാവർഷമുള്ള മാർജിനൽ ഇൻക്രീസ് എന്നിവയും നിശ്ചയിക്കുന്നത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളാണെന്നും പ്രവേശനം ഓൺലൈൻ പോർട്ടൽ മുഖേനയാണെന്നും സഭയെ അറിയിച്ചു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2021-22 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളോട്

അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിൽ സീറ്റ് വർദ്ധന അനുവദിച്ച് ഉത്തരവായിട്ടുണ്ട്. വകുപ്പിന് കീഴിലെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുള്ള സീറ്റുകളിൽ പ്രവേശനത്തിന് അവസരമൊരുക്കിയിട്ടുണ്ടെന്നും എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ 2020-21 അധ്യയന വർഷത്തിൽ 45492 സീറ്റുകളിൽ പ്രവേശനാനുമതി നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. എൽ.ബി.എസ്.-നുകീഴിൽ തിരുവനന്തപുരത്തും കാസർഗോഡുമുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ വിവിധ ബ്രാഞ്ചുകളിലായി 750-ഓളം സീറ്റുകൾ നിലവിലുണ്ടെന്നും ഐ.എച്ച്.ആർ.ഡി.-യുടെ എഞ്ചിനീയറിംഗ് കോളേജുകൾ, അപ്ലൈഡ് സയൻസ് കോളേജുകൾ എന്നിവയിൽ കാലാനുസൃതമായ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്നും സർക്കാർ ലോ കോളേജിൽ പഞ്ചവത്സര ബി.എ., എൽ.എൽ.ബി.-ക്ക് 120 സീറ്റുകളും മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി 12 സീറ്റുകളും നിലവിലുണ്ടെന്നും മന്ത്രി വ്യക്തമാക്കി.